LIBRARY ARCHIVES Kerala Legislative Assembly

മംഗലാപുരം ആശുപത്രിയിലെ ചികിത്സക്ക് കാരുണ്യ ധനസഹായം

129 (4711) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ രോഗികൾ ആശ്രയിക്കുന്ന മംഗലാപുരം ആശുപത്രിയിലെ ചികിത്സയ്ക്ക് കാരുണ്യ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്തിനുപുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനുപുറത്തുള്ള ആശുപത്രിയിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു.

കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തന പുരോഗതി

130 (4712) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതി നേടിയിട്ടുണ്ട് ;

(ബി) കെ. എസ്. എഫ്. ഇ.-യുടെ ബിസിനസ്സ് ടേൺ ഓവർ എത്ര കണ്ട് വർദ്ധിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) കെ. എസ്. എഫ്. ഇ.-യുടെ നിക്ഷേപത്തിലും ലാഭത്തിലും എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തന ത്തിലുണ്ടായ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ശാഖകളുടെ എണ്ണം :

31-3-2011-ൽ 376 ആയിരുന്നത് ഇപ്പോൾ 520 ആയി ഉയർന്നിട്ടുണ്ട്.

2. ജീവനക്കാരുടെ എണ്ണം :

31-3-2011-ൽ 5040 ആയിരുന്നത് ഇപ്പോൾ 6370 ആയി ഉയർന്നിട്ടുണ്ട്.

3. ചിട്ടി ബിസിനസ്സ് :

31-3-2011-ൽ 626 കോടി രൂപയായിരുന്നത് ഇപ്പോൾ 1333 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

4. വായ്പ ബിസിനസ്സ് :

31-3-2011-ൽ 1711 കോടി രൂപ വായ്പ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇത് 3450 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

5. അറ്റാസ്തി :

31-3-2011-ൽ 191 കോടി രൂപയായിരുന്നത് ഇപ്പോൾ 468 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

6. ലാഭവിഹിതം, ഗ്യാരണ്ടി കമ്മീഷൻ, സർവ്വീസ് ചാർജ്ജ് :

നാളിതുവരെ ഈ ഇനങ്ങളിൽ 653 കോടി രൂപ സംസ്ഥാന സർക്കാരിനു ലഭിച്ചതിൽ 334 കോടി രൂപയും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മാത്രം ലഭിച്ചിട്ടുള്ളതാണ്.

7. ആദായനികുതി, സർവ്വീസ് ടാക്സ് :

നാളിതുവരെ ഈ ഇനങ്ങളിൽ 662.53 കോടി രൂപ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ട ത്തിൽ മാത്രം 403 കോടി രൂപ നൽകിയിട്ടുണ്ട്.

8. ഇടപാടുകാരുടെ എണ്ണം :

31-3-2011-ൽ 26 ലക്ഷം ആയിരുന്നത് ഇപ്പോൾ 32 ലക്ഷം ആയി ഉയർന്നിട്ടുണ്ട്.

(ബി) കമ്പനിയുടെ മൊത്തം ബിസിനസ്സ് ടേണോവർ 31-3-2011-ൽ 12,333 കോടി രൂപ ആയിരുന്നത് ഇപ്പോൾ 26,649 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപ പദ്ധതികൾ 31-3-2011-ൽ 3,097 കോടി രൂപയായിരുന്നത് ഇപ്പോൾ 7,441 കോടി രൂപയായും, ലാഭം 31-3-2011-ൽ 52 കോടി രൂപയായിരുന്നത് 220 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly